**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4260 — 24.10.2016 ൽ മറുപടിക്ക്

**ആരോഗ്യ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, അടൂർ പ്രകാശ്<br>,, വി.ടി.ബൽറാം<br>,, ഐ.സി.ബാലകൃഷ്ണൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി സമന്വയിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മില്ലേനിയം വികസന ലക്ഷ്യങ്ങളുടെ വികസന തുടർച്ചയായി പ്രഖ്യാപിക്കപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG GOAL) ഐക്യരാഷ്ട്രസഭയുടെ 2015 സെപ്റ്റംബർ 25-ന് നടന്ന സുസ്ഥിര വികസന ഉച്ചകോടിയുടെ ഭാഗമായി ലോകനേതാക്കൾ അംഗീകരിച്ചിട്ടുള്ളവയാണ്. 2030-ഓടു കൂടി ദാരിദ്ര്യത്തെ പരമാവധി കുറയ്ക്കുവാനും അനീതിയെയും അസമത്വത്തെയും നേരിടാനും കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുവാനുമുള്ള പതിനേഴ് ലക്ഷ്യങ്ങളാണ് സുസ്ഥിര വികസന അജണ്ടയുടെ ഭാഗമായുള്ളത്. ഇതിൽ മൂന്നാമത്തെ ലക്ഷ്യമാണ് ആരോഗ്യത്തെ സംബന്ധിച്ചുള്ളത്. ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ആരോഗ്യത്തെ സംബന്ധിച്ച ലക്ഷ്യങ്ങളിൽ പലതും ആരോഗ്യ-സാമൂഹ്യ വികസന രംഗങ്ങളിൽ മുന്നിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനം ഇപ്പോൾ തന്നെ കൈവരിച്ചിട്ടുള്ളതാണ്. എന്നാൽ കേരളം ഇന്ന് നിരവധി പ്രശ്നങ്ങൾ ആരോഗ്യ മേഖലയിൽ നേരിടുന്നുണ്ട്. ഉയർന്ന രോഗാതുരതയും വർദ്ധിച്ച ചികിത്സാ ചെലവുകളും ഇവയിൽ ചിലതാണ്. കേരളത്തിന്റെ ആരോഗ്യ രംഗത്തെ വെല്ലുവിളികൾക്ക് അനുസൃതമായുള്ള പ്രത്യേക സുസ്ഥിര വികസന ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ തയ്യാറാക്കി വരുന്നത്. |
| (ബി) | ഇതിനായുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;വിവരിക്കാമോ; | (ബി) | ഉണ്ട്. 2016 ജൂലൈയിൽ ആരംഭിച്ച ഈ പ്രവർത്തനത്തിന്റെ ഭാഗമായി കർമ്മസമിതികൾ അവരുടെ ആദ്യത്തെ ലക്ഷ്യങ്ങളുടെയും പദ്ധതികളുടെയും അവതരണം ആഗസ്റ്റ് അഞ്ചാം തീയതി ആരോഗ്യ കുടുംബക്ഷേമ മന്ത്രിയുടെ മുമ്പാകെ നടത്തുകയുണ്ടായി. ഈ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | നടത്തിപ്പിനായി ചുമതലപ്പെടുത്തിയ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ ഈ കർമ്മ സമിതികൾക്കായി 2016 ആഗസ്റ്റ് പതിമൂന്നാം തീയതി ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശിൽപ്പശാല ഈ ലക്ഷ്യങ്ങളെക്കുറിച്ചുള്ള വിശദമായ രണ്ടാംവട്ട ചർച്ചകൾക്ക് വഴിയൊരുക്കി. |
| (സി) | ഇതിനായി പ്രത്യേകം സമിതി രൂപവത്ക്കരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ഉണ്ട്. ഇതിനായി അക്കാദമിക്, ക്ലിനിക്കൽ, അഡ്മിനിസ്ട്രേറ്റീവ് രംഗത്തുള്ള വിദഗ്ധരുടെ 19 കർമ്മസമിതി രൂപീകരിച്ചു കഴിഞ്ഞു. ആരോഗ്യവുമായി ബന്ധപ്പെട്ടു വരുന്ന ലക്ഷ്യങ്ങളെ കൈവരിക്കുന്നതിനുള്ള പ്രായോഗികവും സമയബന്ധിതവുമായ പ്രവർത്തന പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള ശ്രമത്തിലാണ് ഈ കർമ്മസമിതികൾ. കേരളത്തിലെ ആരോഗ്യ രംഗത്ത് അടുത്ത അഞ്ച് വർഷത്തേക്ക് വരുത്തേണ്ട മൊത്തം പ്രവർത്തനങ്ങൾക്ക് ഒരു ദിശാബോധം നൽകുക എന്നതാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രധാന ഉദ്ദേശം. ഇതിനായി രൂപീകരിച്ച കർമ്മസമിതികളുടെ ലക്ഷ്യനിർണ്ണയത്തോടൊപ്പം തന്നെ ഈ ലക്ഷ്യങ്ങൾ കൈവരിക്കാനായുള്ള പദ്ധതികളും ആ പദ്ധതികൾ മുഖാന്തരം നടത്തേണ്ട വ്യത്യസ്ത പ്രവർത്തനങ്ങളും രൂപപ്പെടുത്തിവരികയാണ്. ഇതൊടൊപ്പം തന്നെ ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്താനുള്ള സൂചികകളും തയ്യാറാക്കിവരുന്നു. |
| (ഡി) | സമിതിയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ നിർദ്ദേശങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | കർമ്മസമിതികൾ ഉണ്ടാക്കിയ നിർദ്ദേശങ്ങൾ ഓരോന്നും അതത് മേഖലയിലെ വിദഗ്ധർ അടങ്ങുന്ന മറ്റൊരു ഗ്രൂപ്പിന്റെ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും ശേഷം ആണ് അന്തിമമായി തീരുമാനത്തിലെത്തുക. ഈ പ്രക്രിയ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് പൂർത്തിയായതിന് ശേഷമേ നിർദ്ദേശങ്ങളുടെ അന്തിമരൂപം നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ